**നവംബർ 28—ഡിസംബർ 1, 2024 വരെയുള്ള**
**നന്ദിപ്രകാശന സമന്വയന സമ്മേളനത്തിന്റെ**
**ദൂതുകളുടെ രൂപരേഖ**

**പൊതു വിഷയം:**
**ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ക്രിസ്തീയജീവിതവും സഭാജീവിതവും നയിക്കുന്നു**

ദൂത് നാല്
**ക്രിസ്തുവിന്റെ പുനരുല്ലാദനമായി മാറുന്നതും നമ്മുടെ ദേഹികളുടെ ഇടയനായി ക്രിസ്തുവിനെ അനുഭവമാക്കുന്നതും**

TW *Hymns*: ML67, ML142

തിരുവെഴുത്ത് വായന: 1 പത്രൊ 2:21-23, 25; മത്താ. 11:28-30; ഫിലി. 1:27; 2:2

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

1 പത്രൊ. 2:22 അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വ്യാജം കണ്ടെത്തിയതുമില്ല.

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

ഫിലി. 1:27 ഞാൻ വന്ന് നിങ്ങളെ കണ്ടിട്ടോ അസന്നിഹിതനായിരുന്നിട്ടോ, നിങ്ങൾ ഏക ആത്മാവിൽ, ഏക ദേഹിയോടെ സുവിശേഷത്തിന്റെ വിശ്വാസത്തോട് ചേർന്ന് ഒന്നിച്ച് പരിശ്രമിച്ചുകൊണ്ട് എതിരാളികളാൽ ഒന്നിലും ഭയപ്പെടാതെ ഉറച്ചുനിൽക്കുന്നു എന്ന് നിങ്ങളെക്കുറിച്ച് കേൾക്കേണ്ടതിന്, ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാംവണ്ണം നടക്കുക മാത്രം ചെയ്യുക;

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

**I. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെന്ന നിലയിൽ, നമ്മുടെ മാതൃകയായ ക്രിസ്തുവിന്റെ പുനരുല്ലാദനമായി നാം മാറണം—1 പത്രൊ. 2:21:**

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

A. ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള കർത്താവായ യേശുവിന്റെ ജീവിതം ഒരു മാതൃകയാണ്, അത് നാം അവന്റെ പുനരുല്പാദനമായിത്തീരുന്നതിന് അവന്റെ കാൽച്ചുവടുകളെ പിന്തുടരേണ്ടതിനാകുന്നു—വാ. 21-23; എഫെ. 4:20-21.

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

1 പത്രൊ. 2:22 അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വ്യാജം കണ്ടെത്തിയതുമില്ല.

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

എഫെ. 4:20 യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ,

എഫെ. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

B. 1 പത്രൊ. 2:21-ലെ *മാതൃക* എന്നതിനുള്ള യവന പദം, എഴുതുവാൻ പഠിപ്പിക്കുന്നത് ഉപയോഗിക്കുന്ന ഒരു മൂലപകർപ്പിനെ—എഴുതുവാനുള്ള പ്രതി, അടിയിലെ എഴുത്ത് യഥാരൂപത്തിലെഴുതുവാൻ പഠിക്കുന്നതിന് വിദ്യാർഥികൾ പകർത്തിയെഴുതുവാൻ ഉപയോഗിക്കുന്ന പകർപ്പിനെയാണ് സൂചിപ്പിക്കുന്നത്:

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

1. പകർത്തിയെഴുതിയും അവന്റെ കാൽച്ചുവടുകളെ പിന്തുടർന്നുംകൊണ്ട് നമുക്ക് പകർത്താനുള്ള അടിയിലെ എഴുത്തെന്ന നിലയിൽ കർത്താവായ യേശു തന്റെ ജീവിതത്തെ നമ്മുടെ മുമ്പാകെ വെച്ചിരിക്കുന്നു—മത്താ. 11:28-30.

   മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

   മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

   മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

2. നമ്മുടെ സ്വന്തം പ്രയത്നത്താൽ ക്രിസ്തുവിനെ അനുകരിക്കാൻ ശ്രമിക്കുന്നത് ദൈവത്തിന്റെ ഉദ്ദേശ്യമല്ല; നമുക്ക് വേണ്ടത് അനുകരണമല്ല, പുനരുല്പാദനമാണ്—റോമ. 8:29; 2 കൊരി. 3:18.

   റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

   2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്,

കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

C. നാം ദിവ്യജീവിന്റെ സമ്പത്ത് ഉൾപ്പെടുന്ന ഒരു പ്രക്രിയയിലൂടെ ക്രിസ്തുവിന്റെ പുനരുല്പാദനമായി, ക്രിസ്തുവിന്റെ പകർപ്പുകളായി മാറണം; ഈ പ്രക്രിയ പൂർത്തിയാകുമ്പോൾ, നാം ക്രിസ്തുവിന്റെ ഒരു പുനരുല്പാദനമായി മാറും—യോഹ. 3:15; എഫെ. 3:8.

യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

D. ക്രിസ്തു നമുക്ക് ഒരു മാതൃകയാകുന്നു എന്നതുകൊണ്ട് പത്രൊസ് എന്താണ് അർഥമാക്കുന്നതെന്ന് ഉദാഹരിക്കുവാൻ ഫോട്ടൊ കോപ്പികൾ ഉണ്ടാക്കുന്നതിനെ ഉപയോഗിക്കാവുന്നതാണ്.

E. നമ്മുടെ മാതൃകയായ ക്രിസ്തുവിന്റെ പുനരുല്പാദനമായിത്തീരേണ്ടതിന്, നമ്മിൽ ജീവിക്കുകയും നമ്മിൽ ഉരുവാകുകയും നമ്മുടെ ഹൃദയങ്ങളിൽ അവന്റെ ഭവനമുണ്ടാക്കുകയും ചെയ്യുന്നവൻ എന്ന നിലയിൽ ക്രിസ്തുവിനെ നാം അനുഭവമാക്കേണ്ടതുണ്ട്—ഗലാ. 2:20; 4:19; എഫെ. 3:16-17:

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഗലാ. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, ...

1. ക്രിസ്തു നമ്മുടെ ആന്തരിക ആളത്തത്തോട് ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പുതിയനിയമം വെളിപ്പെടുത്തുന്നു—ഗലാ. 1:16; കൊലൊ. 3:10-11.

   ഗലാ. 1:16 ജാതികളുടെ ഇടയിൽ അവനെ സുവിശേഷമായി ഞാൻ അറിയിക്കേണ്ടതിന് തന്റെ പുത്രനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ, ഉടനെ ഞാൻ ജഡരക്തത്തോട് ആലോചിക്കുകയോ,

   കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

   കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

2. ശ്വാസമായ ക്രിസ്തു—ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തു—നമ്മിൽ ജീവിക്കുന്നു—1 കൊരി. 15:45; ഗലാ. 2:20:

1 കൊരി. 15:45b ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു..

a. ക്രിസ്തുവിന്റെ മരണത്തിൽ "ഞാൻ" ക്രൂശിക്കപ്പെടുകയും ക്രിസ്തു തന്റെ പുനരുത്ഥാനത്തിൽ നമ്മിൽ ജീവിക്കുകയും ചെയ്യുന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ—യോഹ. 14:19.

യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും..

b. നാം കർത്താവുമായി ഏകാത്മാവാണ്, അവനുമായി നമുക്ക് ഒരു ജീവനുണ്ട്, ഇപ്പോൾ നാം അവനുമായി ഏക വ്യക്തിയായിരിക്കണം—1 കൊരി. 6:17; കൊലൊ. 3:4; ഫിലി. 1:21.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

ഫിലി. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും.....

c. ക്രിസ്തു ആത്മാവായി നമ്മിൽ വസിക്കുന്നതിനാൽ, നാം അവനെ നമ്മിൽ ജീവിക്കാൻ അനുവദിക്കണം—യോഹ. 14:16-19; ഗലാ. 2:20.

യോഹ. 14:16 ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും,

യോഹ. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

യോഹ. 14:18 ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു.

യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

3. ക്രിസ്തു നമ്മിൽ ഉരുവാകുക എന്നതിനർഥം ക്രിസ്തു നമ്മിൽ പൂർണവളർച്ച പ്രാപിക്കുക എന്നാണ്—4:19:

ഗലാ. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ

വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

a. നാം മാനസാന്തപ്പെടുകയും അവനിൽ വിശ്വസിക്കുകയും ചെയ്ത സമയത്താണ് ക്രിസ്തു നമ്മിൽ ജനിച്ചത്, അതിനുശേഷം അവൻ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നമ്മിൽ ജീവിക്കുന്നു, ഒടുവിൽ, നമ്മുടെ പക്വതയിൽ അവൻ നമ്മിൽ ഉരുവാകും—യോഹ. 1:12-13; 3:15; ഗലാ. 2:20; 4:19.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഗലാ. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

b. ക്രിസ്തു നമ്മിൽ ഉരുവാകുക എന്നത്, നമ്മുടെ ആന്തരിക ആളത്തത്തിന്റെ എല്ലാ ഭാഗങ്ങളെയും കൈവശമാക്കുവാൻ സർവവും ഉൾക്കൊള്ളുന്ന ആത്മാവിനെ അനുവദിക്കുക, ക്രിസ്തു നമ്മിൽ പൂർണവളർച്ച പ്രാപിക്കുക എന്നാണ്—2:19; എഫെ. 4:15-16.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

c. ക്രിസ്തു നമ്മിൽ ഉരുവാകുക എന്നാൽ നാം ക്രിസ്തുവിനാൽ ജൈവികമായി സംരചിക്കപ്പെടുന്നു എന്നാണ് അർഥമാക്കുന്നത്—കൊലൊ. 3:10-11.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും

അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

d. ഗലാത്യർ 4:19-ലെ *ഉരുവാകുക* എന്നത് 2 കൊരിന്ത്യർ 3:18-ലെ *സ്വരൂപത്തോട്* യോജിക്കുന്നു; നാം ക്രിസ്തുവിനെ അവന്റെ സ്വരൂപത്തിൽ ആവിഷ്കരിക്കേണ്ടതിന് ക്രിസ്തു നമ്മിൽ ഉരുവാകും.

ഗലാ. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

4. നമ്മിൽ ജീവിക്കുന്നവനും നമ്മിൽ ഉരുവാകുന്നവനുമായ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുന്നു—എഫെ. 3:16-17.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, ...

5. ക്രിസ്തു നമ്മിൽ ജീവിക്കുകയും, നമ്മിൽ ഉരുവാകുകയും, നമ്മുടെ ഹൃദയങ്ങളിൽ അവന്റെ ഭവനം പണിയുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനായി നാം ക്രിസ്തുവിന്റെ പുനരുല്പാദനമായിത്തീരുന്നു—റോമ. 8:29; 12:4-5; വെളി. 21:2.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

**II. നാം ക്രിസ്തുവിന്റെ പുനരുല്പാദനമായി മാറുമ്പോൾ, നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ ക്രിസ്തുവിനെ അനുഭവമാക്കാനും ആസ്വദിക്കാനും നമുക്ക് കഴിയും—1 പത്രൊ. 2:25; മത്താ. 11:28-30; ഫിലി. 1:27; 2:2:**

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ,

എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

ഫിലി. 1:27 ഞാൻ വന്ന് നിങ്ങളെ കണ്ടിട്ടോ അസന്നിഹിതനായിരുന്നിട്ടോ, നിങ്ങൾ ഏക ആത്മാവിൽ, ഏക ദേഹിയോടെ സുവിശേഷത്തിന്റെ വിശ്വാസത്തോട് ചേർന്ന് ഒന്നിച്ച് പരിശ്രമിച്ചുകൊണ്ട് എതിരാളികളാൽ ഒന്നിലും ഭയപ്പെടാതെ ഉറച്ചുനിൽക്കുന്നു എന്ന് നിങ്ങളെക്കുറിച്ച് കേൾക്കേണ്ടതിന്, ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാംവണ്ണം നടക്കുക മാത്രം ചെയ്യുക;

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

A. നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ, നമ്മുടെ ആന്തരിക ആളത്തത്തിന്റെ അവസ്ഥയ്ക്കായി കരുതിക്കൊണ്ട് ശ്വാസമായ ക്രിസ്തു നമ്മുടെ ആന്തരിക അവസ്ഥയെ മേൽനോട്ടം വഹിക്കുന്നു:

1. ക്രിസ്തുവിന്റെ ജൈവിക മേയ്പ് പ്രാഥമികമായി നമ്മുടെ ദേഹിക്കുവേണ്ടി കരുതുന്നു—സങ്കീ. 23:3.

   സങ്കീ. 23:3 എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

2. നമ്മുടെ ദേഹിയുടെ ക്ഷേമത്തിനായി കരുതിക്കൊണ്ടും നമ്മുടെ ആന്തരിക ആളത്തത്തിന്റെ അവസ്ഥയുടെ മേൽ അവന്റെ മേൽനോട്ടം പ്രയോഗിച്ചുകൊണ്ടും ക്രിസ്തു നമ്മെ മേയിക്കുന്നു—പ്ര.നി. എബ്രാ. 13:17.

   എബ്രാ. 13:17 നിങ്ങളെ നയിക്കുന്നവരെ അനുസരിക്കുകയും അവർക്കു കീഴ്പ്പെടുകയും ചെയ്യുവിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയിൽ നിങ്ങളുടെ ദേഹികളിന്മേൽ ജാഗരിക്കുന്നു, അത് അവർ ഞരക്കത്തോടെയല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന് ഇടയാക്കുവിൻ; അല്ലാഞ്ഞാൽ അത് നിങ്ങൾക്കു പ്രയോജനകരമാകില്ല.

3. ഇത്തരത്തിലുള്ള മേയ്പ് ആന്തരികവും ആന്തഃസ്തിതവും ജൈവികവുമായ ആശ്വസിപ്പിക്കലാണ്.

B. നമ്മുടെ ദേഹി വളരെ സങ്കീർണ്ണമായതിനാൽ, നമ്മുടെ ദേഹിയിൽ നമ്മെ മേയിക്കുന്നതിനും, നമ്മുടെ മനസ്സ്, വികാരം, ഇച്ഛ എന്നിവയെയും, നമ്മുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, മുറിവുകൾ എന്നിവയെയും പരിപാലിക്കുവാനും നമ്മുടെ ആത്മാവിൽ ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തുവിനെ നമുക്ക് ആവശ്യമാണ്—യോഹ. 14:16-17; 1 കൊരി. 15:45; 6:17:

   യോഹ. 14:16 ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും,

   യോഹ. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

   1 കൊരി. 15:45 അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി

ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

1. ശ്വായസമായ ഇടയൻ എന്ന നിലയിൽ, ക്രിസ്തു നമ്മുടെ ആത്മാവിനുള്ളിൽ നിന്ന് നമ്മെ പരിപാലിക്കുന്നു.
2. അവന്റെ മേയ്പ് നമ്മുടെ ആത്മാവിൽ നിന്ന് ആരംഭിച്ച് നമ്മുടെ ദേഹിയുടെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിക്കുന്നു.
3. നമ്മുടെ ആത്മാവിൽനിന്ന് ക്രിസ്തു നമ്മുടെ ദേഹിയുടെ എല്ലാ ഭാഗങ്ങളിലേക്ക് എത്തിച്ചേരുകയും ആർദ്രവും, ജൈവികവും, സർവവും ഉൾക്കൊള്ളുന്ന രീതിയിൽ നമ്മെ പരിപാലിക്കുകയും ചെയ്യുന്നു.

C. നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ ക്രിസ്തു നമ്മുടെ ദേഹിയെ പുനഃസ്ഥാപിക്കുന്നു—സങ്കീ. 23:3:

സങ്കീ. 23:3a എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു;. ...

1. നമ്മുടെ ദേഹി പുനഃസ്ഥാപിക്കപ്പെടുക എന്നതിനർഥം നാം ഉണർവ് പ്രാപിക്കുന്നു എന്നാണ്.
2. നമ്മുടെ ദേഹി പുനഃസ്ഥാപിക്കുന്നതിൽ പുതുക്കപ്പെടലും രൂപാന്തരവും ഉൾപ്പെടുന്നു—റോമ. 12:2; 2 കൊരി. 3:18.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

D. നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ, കർത്താവ് നമ്മുടെ ദേഹിക്ക് വിശ്രമം നൽകുന്നു—മത്താ. 11:28-30:

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

1. ന്യായപ്രമാണം പാലിക്കുവാൻ പരിശ്രമിക്കുകയോ ഏതെങ്കിലും വേലയിൽ വിജയിക്കുവാൻ പാടുപെടുകയോ ചെയ്യുന്നവരെ വിശ്രമത്തിനായി തന്റെ അടുക്കൽ വരാൻ കർത്താവ് വിളിക്കുന്നു—വാ. 28.

   മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

2. ഈ വിശ്രമം ന്യായപ്രമാണത്തിന്റെയോ മതത്തിന്റെയോ ഏതെങ്കിലും വേലയുടെയോ ഉത്തരവാദിത്തത്തിന്റെയോ കീഴിലുള്ള അധ്വാനത്തിൽ

നിന്നും ഭാരത്തിൽ നിന്നും മോചിപ്പിക്കപ്പെടുന്നതിനെ മാത്രമല്ല, തികഞ്ഞ സമാധാനത്തെയും പൂർണ്ണ സംതൃപ്തിയെയും സൂചിപ്പിക്കുന്നു.

3. കർത്താവിന്റെ നുകം എടുക്കുക എന്നാൽ പിതാവിന്റെ ഹിതം എടുക്കുക എന്നതാണ്—12:50.

| | |
|---|---|
| മത്താ. 12:50 | സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു. |

4. കർത്താവ് അത്തരമൊരു ജീവിതം നയിച്ചു, തന്റെ പിതാവിന്റെ ഹിതത്താൽ പരിമിതപ്പെടുകയും അതിനായി കരുതുകയും ചെയ്തു (യോഹ. 4:34; 5:30; 6:38); അവൻ പിതാവിന്റെ ഹിതത്താൽ പൂർണ്ണമായി സംതൃപ്തനായിരുന്നു, അവന്റെ ഹൃദയത്തിൽ വിശ്രമവുമുണ്ടായിരുന്നു.

| | |
|---|---|
| യോഹ. 4:34 | യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു. |
| യോഹ. 5:30 | എന്നിൽനിന്ന് എനിക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു, എന്റെ ന്യായവിധി ന്യായമുള്ളതാകുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്. |
| യോഹ. 6:38 | എന്തെന്നാൽ ഞാൻ എന്റെ ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ ചെയ്യുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത്. |

5. കർത്താവിന്റെ നുകം എടുത്ത് അവനിൽനിന്ന് പഠിക്കുന്നതിലൂടെ നാം കണ്ടെത്തുന്ന വിശ്രമം ആന്തരിക വിശ്രമമാണ്, നമ്മുടെ ദേഹികൾക്കുള്ള വിശ്രമമാണ്—മത്താ. 11:29-30.

| | |
|---|---|
| മത്താ. 11:29 | ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. |
| മത്താ. 11:30 | എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു. |

E. കർത്താവ് നമ്മുടെ ദേഹിയെ മേയിക്കുകയും നമ്മുടെ ദേഹിയെ പുനഃസ്ഥാപിക്കുകയും ചെയ്യുമ്പോൾ, നാം ക്രിസ്തുവിനെ അനുഭവിക്കുക മാത്രമല്ല, അവനെ ആസ്വദിക്കുകയും ചെയ്യുന്നു—ഫിലി. 2:2; 3:1:

| | |
|---|---|
| ഫിലി. 2:2 | നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്, |
| ഫിലി. 3:1a | ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിക്കുവിൻ ... |

1. ക്രിസ്താനുഭവം പ്രാഥമികമായി നമ്മുടെ ആത്മാവിലുള്ള വിഷയമാണ്, എന്നാൽ ക്രിസ്താസ്വാദനം നമ്മുടെ ദേഹിയിലാണ്—1:27; 2:2.

| | |
|---|---|
| ഫിലി. 1:27 | ഞാൻ വന്ന് നിങ്ങളെ കണ്ടിട്ടോ അസന്നിഹിതനായിരുന്നിട്ടോ, നിങ്ങൾ ഏക ആത്മാവിൽ, ഏക ദേഹിയോടെ സുവിശേഷത്തിന്റെ വിശ്വാസത്തോട് ചേർന്ന് ഒന്നിച്ച് പരിശ്രമിച്ചുകൊണ്ട് എതിരാളികളാൽ ഒന്നിലും ഭയപ്പെടാതെ ഉറച്ചുനിൽക്കുന്നു എന്ന് നിങ്ങളെക്കുറിച്ച് കേൾക്കേണ്ടതിന്, ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാംവണ്ണം നടക്കുക മാത്രം ചെയ്യുക; |

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

2. നമ്മുടെ ദേഹിക്ക് പ്രശ്നമുണ്ടെങ്കിൽ, ക്രിസ്താസ്വാദനം ഇല്ലാതെ നമുക്ക് ക്രിസ്താനുഭവം ഉണ്ടായിരിക്കും.
3. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ, നമ്മുടെ രുചി പ്രധാനമായും നമ്മുടെ ദേഹിയോടുകൂടെയാണ്; ഇതുകൊണ്ടാണ് ക്രിസ്താസ്വാദനം ഉണ്ടായിരിക്കുന്നതിന്, നമ്മുടെ ദേഹിയുടെ എല്ലാ ഭാഗത്തെയും, പ്രത്യേകിച്ച് നമ്മുടെ മനസ്സിനെ മേയിക്കുവാൻ നമുക്ക് കർത്താവിനെ ആവശ്യമായിരിക്കുന്നത്.